പത്രക്കുറിപ്പ്
23-12-2017

# തീരദേശ മേഖലയിൽ പ്രവർത്തനം ശക്തിപ്പെടുത്താൻ കുടുംബശ്രീയുടെ 81 തീരദേശ വോളന്റിയർമാർ

തിരുവനന്തപുരം: തീരദേശ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ജീവിത നിലവാരമുയർത്താനും ഉപജീവനമാർഗ്ഗങ്ങൾ ഫലപ്രദമാക്കാനും കുടുംബശ്രീയുടെ 81 തീരദേശ വോളന്റിയർമാർ പ്രവർത്തനങ്ങൾ ആരംഭിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ 81 തീരദേശ സിഡിഎസുകളിലായാണ് ഇവരെ നിയമിച്ചിരിക്കുന്നത്. തീരദേശത്തെ 12692 അയൽക്കൂട്ടങ്ങളിലായി ഒരു ലക്ഷത്തിലധികം കുടുംബശ്രീ അംഗങ്ങളാണ് നിലവിലുള്ളത്.

തീരദേശ പഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക, നിർജ്ജീവമായ അയൽക്കൂട്ടങ്ങളെ പുനഃസംഘടിപ്പിക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക, അയൽക്കൂട്ട ഭാരവാഹികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക, അയൽക്കൂട്ടങ്ങളിൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക, കുടുംബശ്രീ അംഗങ്ങൾക്ക് മികച്ച പരിശീലനം ഉറപ്പാക്കുന്ന ഉപജീവന പ്രവർത്തനങ്ങൾ കണ്ടെത്തി അവ നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക, വിവിധ സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുക എന്നിവയാണ് ഈ തീരദേശ കമ്മ്യൂണിറ്റി വോളണ്ടിയർമാരുടെ പ്രധാന ഉത്തരവാദിത്തങ്ങൾ. ഈ ഉത്തരവാദിത്തങ്ങൾ മികച്ച രീതിയിൽ പ്രാവർത്തികമാക്കുന്നതിന് വോളണ്ടിയർമാരെ പ്രാപ്തരാക്കുന്നതിനായി നവംബറിൽ കുടുംബശ്രീ ഇവർക്ക് പ്രത്യേക പരിശീലനവും സംഘടിപ്പിച്ചിരുന്നു.

കുടുംബശ്രീ പദ്ധതികളും വിവിധ പ്രവർത്തനങ്ങളും പരിചയപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ തീരദേശ പഞ്ചായത്തുകളിൽ കുടുംബശ്രീയുടെ കമ്മ്യൂണിറ്റി തീയേറ്റർ ഗ്രൂപ്പായ രംഗശ്രീയുടെ സേവനം പ്രയോജനപ്പെടുത്തി കലാജാഥകൾ സംഘടിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ഇത് കൂടാതെ അർഹതയുള്ള തീരദേശ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിങ് ഫണ്ടായി 15000 രൂപ വീതവും കുടുംബശ്രീ നൽകി വരുന്നു. ഇതിനായുള്ള അപേക്ഷ സിഡിഎസ് വഴി ജില്ലാ മിഷനുകളിൽ അയൽക്കൂട്ടങ്ങൾ സമർപ്പിക്കുകയാണ് ചെയ്യേണ്ടത്. ആരംഭിച്ച് മൂന്ന് മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്ക് മാത്രമേ ഈ റിവോൾവിങ് ഫണ്ടിന് അർഹതയുണ്ടായിരിക്കൂ. ഈ ഫണ്ട് അയൽക്കൂട്ടങ്ങൾക്ക് ആന്തരിക വായ്പ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താനാകും. പ്രത്യേക ഇടപെടലുകളിലൂടെയും വിവിധ പരിശീലന പരിപാടികളിലൂടെയും തീരദേശ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ